(ബി & സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) തിരികെ കയറേണ്ട ദിവസം കഴിഞ്ഞിട്ടും തിരിച്ചുവരാത്തവരുടെ പേരുവിവരം ഉടൻതന്നെ സ്ഥലം പോലീസ് സ്റ്റേഷനിലും ജില്ലാ പോലീസ് അധികാരികൾക്കും ഫോണോഗ്രാം മുഖേന അറിയിക്കുകയും പ്രധാന പത്രങ്ങളിൽ ഫോട്ടോസഹിതം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. ബോണ്ട് വയലേഷൻ നടത്തിയതിന് ജാമ്യക്കാരിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസ്സുകൾ

47 (4656) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കവർച്ചകൾ, ഭവനഭേദനം, മോഷണം എന്നിവ സംബന്ധിച്ച കേസ്സുകളിൽ എത്രയെണ്ണം കോടതിയൽ വെറുതെ വിട്ടു ;

(ബി) എത്രയെണ്ണം ശിക്ഷിച്ചു ;

(സി) ചാർജ് ഷീറ്റ് ഫയൽ ചെയ്യാൻ എത്ര കേസ്സുകൾ ഇനി അവശേഷിക്കുന്നുണ്ട് ;

(ഡി) എത്ര കേസ്സുകളിൽ സർക്കാർ അപ്പീൽ പോയി ?

ഉത്തരം

(എ) 2192 കേസ്സുകൾ കോടതി വെറുതെവിട്ടു.

(ബി) 2540 കേസ്സുകൾ ശിക്ഷിച്ചു.

(സി) 3873 കേസ്സുകൾ അവശേഷിക്കുന്നുണ്ട്.

(ഡി) 2 കേസുകളിൽ അപ്പീൽ പോയിട്ടുണ്ട്.

മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ സ്വർണ്ണമാലകൾ മോഷണം പോയ കേസ്സിന്റെ അന്വേഷണം

48 (4657) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി പഞ്ചായത്തിലെ അഞ്ചാം പീടിക പ്രദേശത്തുള്ള മുച്ചിലോട്ട് ഭഗവതിക്ഷേത്രത്തിൽ വിഗ്രഹത്തിൽ ചാർത്തുന്ന സ്വർണ്ണമാലകൾ മോഷണം പോയത് സംബന്ധിച്ച ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly